കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കക്കൂസ് നിർമാണ പദ്ധതി നിർവഹണം സുഗമമാക്കുന്നതിന് വീടിന്റെ കരമടച്ച രസീതിന് പകരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 2740/16/തസ്വഭവ　　　　തിരുവനന്തപുരം, തീയതി 26.09.2016

---

പരാമർശം - (1) ചെല്ലാനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13.07.2016 ലെ കത്ത്

(2) ചെല്ലാനം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 04.07.2016 ലെ I (2) നമ്പർ തീരുമാനം

**ഉത്തരവ്**

ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ 650 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമാണത്തിന് ധന സഹായം നൽകുന്നതിന്, സമ്പൂർണ ശുചിത്വ കക്കൂസ് പ്രോജക്ട് പഞ്ചായത്ത് തയാറാക്കിയെന്നും, ഗുണഭോക്താക്കളിൽ പലരുടെയും വീടും സ്ഥലവും സ്വന്തം പേരിൽ അല്ലാത്തതിനാൽ പദ്ധതി നിർവഹണം സുഗമമായി നടപ്പാക്കുന്നതിന് വീടിന്റെ കരമടച്ച രസീതിന് പകരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ചെല്ലാനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം ആവശ്യപെട്ടിട്ടുണ്ട് .

2. ചെല്ലാനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയിന്മേൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കക്കൂസ് നിർമാണ പദ്ധതികളിൽ, വീടിന്റെ കരമടച്ച രസീതിന് പകരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ

സെക്രട്ടറിമാർ നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ഡി. സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി,ചെല്ലാനം ഗ്രാമ പഞ്ചായത്ത്
എല്ലാ മുൻസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി / വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ